**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1481** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി വിഭാഗത്തിൽ കായികാദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹൈസ്കൂൾ വിഭാഗം കായികാദ്ധ്യാപകരെ ഹയർ സെക്കണ്ടറി വിഭാഗത്തിൽ കൂടി നിയോഗിക്കുന്നതിനായി ഈ സർക്കാർ നിലവിലെ വിദ്യാഭ്യാസചട്ടങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 04/01/1993 തീയതിയിലെ G.O.(MS)No. 3/93/G.Edn. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഹയർസെക്കൻഡറി വിഭാഗത്തിന് ഫിസിക്കൽ എഡ്യൂക്കേഷനായി അനുവദിച്ചിട്ടുള്ള രണ്ട് പിരീഡിൽ ഹൈസ്കൂൾ വിഭാഗം കായിക അധ്യാപകരെ ഹയർ സെക്കൻഡറി വിഭാഗത്തിൽ കൂടി നിയോഗിക്കാവുന്നതാണ്. വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിൽ എത്ര കായികാദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ ഹയർ സെക്കണ്ടറി ക്ലാസുകളിലെ കായിക പരിശീലനത്തിനുള്ള പിരീയഡുകൾ നിലവിൽ എപ്രകാരമാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഹയർസെക്കൻഡറി വിഭാഗത്തിൽ ഫിസിക്കൽ എഡ്യൂക്കേഷനായി കായിക അദ്ധ്യാപക തസ്തികകളൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല. കായിക വിഷയങ്ങൾ പഠിക്കുവാനായി ഹയർ സെക്കണ്ടറിയിൽ വിഷയങ്ങളില്ല. ആഴ്ചയിൽ 2 പിരീഡുകൾ കളികൾക്കും മറ്റുമായി അനുവദിച്ചിട്ടുളളതിന്റെ മേൽനോട്ടത്തിനായി ഓരോ സ്കൂളിലെയും സാഹചര്യത്തിന് അനുസരിച്ച് പ്രിൻസിപ്പൽമാർ മറ്റ് അധ്യാപകരുടെയും ഹൈസ്കൂൾ വിഭാഗം കായിക അദ്ധ്യാപകരുടേയും സേവനം ഉപയോഗിക്കുന്നുണ്ട്. |
| (സി) | ഹയർ സെക്കണ്ടറി സ്കൂളുകളിൽ മതിയായ കായികാദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | കായിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ